വർക്കല രാധാകൃഷ്ണൻ അനുസ്മരണം

തിരുവനന്തപുരം: മുൻ നിയമസഭാ സ്പീക്കർ വർക്കല രാധാകൃഷ്ണൻ അനുസ്മരണം 26ന് ഗാന്ധിഭവനിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. വർക്കല രാധാകൃഷ്ണൻ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഉച്ചയ്ക്ക് 12.30ന് നടക്കുന്ന ചടങ്ങിൽ രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിലെ പ്രമുഖർ പങ്കെടുക്കും. തുടർന്ന് ജനറൽ ആശുപത്രിയിലെ രോഗികൾക്ക് അന്നദാനവും പേട്ട കണിയാവിളാകം ചാരിറ്റി ക്ലബിന്റെ വകയായി നിർദ്ധന രോഗികൾക്ക് ധനസഹായ വിതരണവും ഉണ്ടായിരിക്കും.

വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: അരുവിക്കരയിൽ നിന്ന് കാട്ടാക്കടയിലേക്ക് പോകുന്ന 110 കെ.വി. ലൈനിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ നാളെയും മറ്റന്നാളും രാവിലെ എട്ടുമുതൽ വൈകിട്ട് അഞ്ചുവരെ തിരുമല, കാട്ടാക്കട, കരമന, പേയാട്, പാറശാല, വിഴിഞ്ഞം, ബാലരാമപുരം, നെയ്യാറ്റിൻകര പ്രദേശങ്ങളിൽ ഭാഗികമായി വൈദ്യുതി മുടങ്ങും.

വെൺപാലവട്ടം ശാഖ

ടതിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം വെൺപാലവട്ടം ശാഖാ ഗുരുമന്ദിരത്തിലെ മാസ ചതയപൂജ നാളെ നടക്കും. നാളെ വൈകിട്ട് 7ന് സമൂഹപ്രാർത്ഥന, ഗുരുപൂജ, വിവിധയിനം പെൻഷനുകൾ, ചികിത്സാ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം എന്നിവ ഉണ്ടായിരിക്കുമെന്ന് ശാഖാ സെക്രട്ടറി ജി. സുരേഷ്‌കുമാർ അറിയിച്ചു.

കുഴിവിളാകത്ത് തമ്പുരാൻ ക്ഷേത്രം

തിരുവനന്തപുരം: കുളത്തൂർ കിഴക്കുംകര കുഴിവിളാകത്ത് തമ്പുരാൻ ക്ഷേത്രത്തിൽ 23ന് രാവിലെ 10.30ന് ക്ഷേത്ര മേൽശാന്തി സൗമിത്രന്റെ കാർമ്മികത്വത്തിൽ സമൂഹ ആദിത്യപൂജയുണ്ടായിരിക്കും. 10.30ന് സമൂഹപൊങ്കാലയും തുടർന്ന് കഞ്ഞി സദ്യയും ഉണ്ടായിരിക്കുമെന്ന് ക്ഷേത്ര സെക്രട്ടറി കെ.പി. ശൈലചന്ദ്രൻ അറിയിച്ചു.

ഹരിതവർണം വിസ്മയമായി

തിരുവനന്തപുരം: യത്തീംഖാനയുടെ 47-ാം വാർഷികത്തോടനുബന്ധിച്ച് നടക്കുന്ന യത്തീംസ്റ്റുഡന്റ്സ് ഫെസ്റ്റിന്റെ തുടക്കം കുറിച്ച് ഹരിതവർണത്തിന്റെ സ്വിച്ച് ഓൺ കർമ്മം നൂറുൽ ഇസ്ലാം യൂണിവേഴ്സിറ്റി പ്രോ വൈസ് ചാൻസലർ എം.എസ്. ഫൈസൽഖാൻ നിർവഹിച്ചു. യത്തീംഖാന പ്രസിഡന്റ് എം.കെ. നാസറുദ്ദീന്റെ അദ്ധ്യക്ഷതയിൽ ഡെപ്യൂട്ടി പൊലീസ് കമ്മിഷ്ണർ ഡോ. അരുൾ ബി. കൃഷ്ണ മുഖ്യാതിഥിയായിരുന്നു. മുസ്ലിം ജമാഅത്ത് സെക്രട്ടറി എ. സൈഫുദ്ദീൻ, ഡോ. നിസാറുദ്ദീൻ, ഡോ. എസ്.എ. ഷാനവാസ് ഖാൻ, യത്തീംഖാന സെക്രട്ടറി എം.എം. ഹുസൈൻ, ബഷീർ ബാബു എന്നിവർ സംസാരിച്ചു.

ദക്ഷിണ മേഖല ശില്പശാല ഇന്ന്

തിരുവനന്തപുരം: മസ്തിഷ്‌ക മരണം സ്ഥിരീകരിക്കുന്നത് സംബന്ധിച്ച ദക്ഷിണ മേഖല ശില്പശാല ഇന്ന് രാവിലെ 9 മുതൽ മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ ആരംഭിക്കും. കേരള സർക്കാരിന്റെ മരണാന്തര അവയവദാന പദ്ധതിയായ കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൺ ഷെയറിംഗ് (മൃതസഞ്ജീവനി) ആണ് ശില്പശാല സംഘടിപ്പിക്കുന്നത്. അവയവദാനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി മസ്തിഷ്‌ക മരണം സ്ഥിരീകരിക്കുന്ന ഡോകർമാരിൽ ഒരു സർക്കാർ ഡോക്ടർ ഉണ്ടായിരിക്കണമെന്ന് സർക്കാരിന്റെ നിർദ്ദേശമുണ്ടായിരുന്നു. ഇതിനെ തുടർന്ന് ഡി.എച്ച്.എസിന്റെ കീഴിൽ ജില്ലകൾ തോറും നോഡൽ ഓഫീസറെയും സർക്കാർ ഡോക്ടർമാരെയും എംപാനൽ ചെയ്തിരുന്നു.

അദ്ധ്യാത്മ രാമായണ പഠനശിബിരം

തിരുവനന്തപുരം: വെൺപകൽ ശ്രീരാമ ആതുരാശ്രമത്തിലെ അദ്ധ്യാത്മ രാമായണ പഠനശിബിരം 23, 24, 25 തീയതികളിൽ നടക്കും. 23ന് അഹോരാത്ര രാമായണ പാരായണം, 24ന് ശ്രീരാമപട്ടാഭിഷേകം. തുടർന്ന് ഡോ. എം.പി. ബാലകൃഷ്ണൻ ഭദ്രദീപം തെളിച്ച് ഉദ്ഘാടനം നിർവഹിക്കും. ഡോ. എ.എം. ഉണ്ണികൃഷ്ണൻ, പ്രൊഫ. ചെങ്കൽ സുധാകരൻ, മുണ്ടനാട് സുരേഷ് എന്നിവർ പ്രഭാഷണം നടത്തും. 25ന് ഊരൂട്ടുകാല വേലായുധൻ നായർ, ടി. വിജി എന്നിവരുടെ പ്രഭാഷണവും ഉണ്ടായിരിക്കും. സമാപന സഭയിൽ പി. ഗോപിനാഥൻ നായർ രാമായണ സന്ദേശ അനുഗ്രഹപ്രഭാഷണം നടത്തും. ചികിത്സാ സഹായവിതരണം, വസ്ത്രദാനം, ഭക്തരെ ആദരിക്കൽ, ജീവനോപാധി വിതരണം എന്നിവയും നടത്തും.

വെട്ടുകാട് ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം വെട്ടുകാട് ശാഖയിൽ ചതയദിനമായ നാളെ ശാഖാ ആസ്ഥാന ഗുരുമന്ദിരത്തിൽ ബാലനഗർ ഗുരുവരുൾ വനിതാസ്വയംസഹായ സംഘത്തിന്റെ വകയായി വൈകിട്ട് 6ന് സമൂഹപ്രാർത്ഥന, ഗുരുപൂജ, പായസസദ്യ എന്നിവയും 7ന് സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിതരണവും തുടർന്ന് പ്രതിമാസ ശാഖാ എക്സിക്യൂട്ടീവ് യോഗവും ഉണ്ടായിരിക്കുമെന്ന് ശാഖാസെക്രട്ടറി എൻ മോഹൻദാസ് അറിയിച്ചു.

പാച്ചല്ലൂർ ശാഖ

കോവളം: എസ്.എൻ.ഡി.പി യോഗം പാച്ചല്ലൂർ ശാഖയിൽ ഗുരുപൂജയും പെൻഷൻ വിതരണവും ഞായറാഴ്ച രാവിലെ 10 ന് ശാഖാ ഓഫീസിൽ നടക്കും. ശാഖാ പ്രസിഡന്റ് വി. അപ്പുക്കുട്ടന്റെ അദ്ധ്യക്ഷതയിൽ കോവളം യൂണിയൻ സെക്രട്ടറി ടി.എൻ. സുരേഷ് ഉദ്ഘാടനം ചെയ്യും. കുന്നുംപാറ ശ്രീസുബ്രഹ്മണ്യ സ്വാമിക്ഷേത്രം സെക്രട്ടറി സ്വാമി ബോധിതീർത്ഥ അനുഗ്രഹ പ്രഭാഷണം നടത്തും. യൂണിയൻ ഭാരവാഹികളായ തോട്ടം പി. കാർത്തികേയൻ, ശശിഭൂഷൻ, ഗീതാമധു, കരുംകുളം പ്രസാദ്, മുല്ലൂർ വിനോദ്കുമാർ, അരുമാനൂർ ദീപു, തോട്ടം ശ്രീജുലാൽ, ശാഖാ സെക്രട്ടറി ലവൻ ബാബു, യൂത്ത് മൂവ്മെന്റ് യൂണിറ്റ് പ്രസിഡന്റ് വിനോദ് തുടങ്ങിയവർ സംസാരിക്കും.

പേട്ട ശ്രീനാരായണ ഗുരുദേവ മണ്ഡപം

തിരുവനന്തപുരം : പേട്ട ശ്രീനാരായണ ഗുരുദേവ മണ്ഡപത്തിലെ ചതയപൂജ നാളെ വൈകിട്ട് 6.30ന് നടക്കും. പ്രതിമാസ പെൻഷൻ വിതരണവും വിദ്യാഭ്യാസ ധനസഹായവിതരണവും ഉണ്ടായിരിക്കും.

ചതയദിന അന്നദാന ഫണ്ട്

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയന്റെ ചതയദിന അന്നദാനഫണ്ടിലേക്ക് ചെമ്പഴന്തി, ചെല്ലമംഗലം, ജനതാറോഡിൽ നക്ഷത്രയിൽ കൃഷ്ണകുമാരി കെ. 2500 രൂപ സംഭാവന നൽകിയതായി യൂണിയൻ കൺവീനർ ആലുവിള അജിത്ത് അറിയിച്ചു.

അയൂരി അമ്മൻ ദേവീക്ഷേത്രം

തിരുവനന്തപുരം : തിട്ടമംഗലം അയൂരി അമ്മൻ ദേവീക്ഷേത്രത്തിലെ പ്രതിഷ്ഠാവാർഷിക മഹോത്സവം ആരംഭിച്ചു. 28ന് സമാപിക്കും. ഇന്ന് മുതൽ 27 വരെ എല്ലാദിവസവും രാവിലെ 8.30ന് പ്രഭാതഭക്ഷണം, ഉച്ചയ്ക്ക് 12.30ന് അന്നദാനം, രാത്രി 8ന് സായാഹ്ന ഭക്ഷണം എന്നിവ ഉണ്ടായിരിക്കും.. നാളെ രാവിലെ 9ന് കലശാഭിഷേകം, വൈകിട്ട് 5.30ന് വേദപാരായണം, 7.30ന് പ്രഭാഷണം, 23ന് രാവിലെ 9ന് ഹോമം, വൈകിട്ട് 6ന് ഹനുമാൻ ചാലിസ പാരായണം, 24ന് രാവിലെ 10ന് നാരായണീയ പാരായണം, 5.30ന് സർപ്പബലിപൂജ, 25ന് രാവിലെ 9ന് അദ്ധ്യാത്മ രാമായണ പാരായണം, വൈകിട്ട് 6ന് ലളിതാസഹസ്രനാമ സ്തോത്ര പാരായണം, 26ന് രാവിലെ 8ന് ദേവീ ഭാഗവത പാരായണം, 6ന് പ്രഭാഷണം, 27ന് രാവിലെ 9ന് ദേവീ മാഹാത്മ്യപാരായണം, 6ന് ലളിതാസഹസ്രനാമ സ്തോത്ര പാരായണം, 28ന് രാവിലെ 9.30ന് പൊങ്കാല, 12.30ന് അന്നദാനം, 6ന് താലപ്പൊലി ഘോഷയാത്ര. 9.30ന് ആറാട്ട്, 10ന് പുഷ്പാഭിഷേകം.

കരിക്കകം വാർഡ് സഭ ഇന്ന്

തിരുവനന്തപുരം: കരിക്കകം വാർഡ് സഭാ യോഗം ഇന്ന് ഉച്ചയ്ക്കു ശേഷം 3ന് ചാമുണ്ഡി വിദ്യാപീഠം ഹാളിൽ നടക്കുമെന്ന് കൗൺസിലർ ഹിമ സിജി അറിയിച്ചു.

ജനക്കൂട്ടം തടഞ്ഞു;വിമാനത്താവള സ്ഥലമേറ്റെടുപ്പ് മുടങ്ങി

വിമാനത്താവളത്തിന് വേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് വള്ളക്കടവിലുണ്ടായ സംഘർഷം

തിരുവനന്തപുരം: വിമാനത്താവള വികസനത്തിന് സ്ഥലമേറ്റെടുക്കുന്നതു സംബന്ധിച്ച തർക്കം സംഘർഷാവസ്ഥയിലെത്തിയതോടെ വിമാനത്താവള വികസന വിഭാഗം ഉദ്യോഗസ്ഥർ സ്ഥലമേറ്റെടുക്കൽ നിറുത്തിവച്ച് മടങ്ങിപ്പോയി. ഇന്നലെ രാവിലെ വള്ളക്കടവ് വയ്യാമൂല ഭാഗത്താണ് നാട്ടുകാരുടെ എതിർപ്പിനെത്തുടർന്ന് സ്ഥലമേറ്റെടുക്കൽ നിറുത്തിവച്ചത്.

സ്ഥലം വിട്ടുകൊടുക്കുന്നതിൽ ഒരു വലിയ വിഭാഗം ജനം എതിർപ്പു തുടരുകയാണ്. എന്നാൽ ഇതു കണക്കാക്കാതെ നിർബന്ധിത ഒഴിപ്പിക്കലുമായി അധികൃതർ എത്തിയതാണ് സ്ഥിതി സംഘർഷത്തിന്റെ വക്കോളം എത്തിച്ചത്. തങ്ങൾക്ക് സംരക്ഷണം വേണമെന്ന് ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടതിനെത്തുടർന്ന് വലിയതുറ എസ്.ഐയുടെ നേതൃത്വത്തിൽ വൻ പൊലീസ് സംഘം രാവിലെ പത്തോടെ സ്ഥലത്ത് തമ്പടിച്ചിരുന്നു. എന്നാൽ വലിയ ജനക്കൂട്ടം എതിർപ്പുമായി രംഗത്തെത്തി. സ്ഥിതി വഷളാകുമെന്നു കണ്ട് പൊലീസ് തന്നെയാണ് വിമാനത്താവള അധികൃതരോട് സമവായത്തിന് ശ്രമിക്കാൻ ആവശ്യപ്പെട്ടത്.

മുഖ്യമന്ത്രിയുടെ മദ്ധ്യസ്ഥതയിൽ ചർച്ച നടത്തണം എന്നായിരുന്നു ജനക്കൂട്ടത്തിന്റെ ആവശ്യം. ഇത് അംഗീകരിച്ച് ചർച്ചയ്ക്കുള്ള സാദ്ധ്യതകൾ ആരായാൻ തീരുമാനിച്ചാണ് സ്ഥലമേറ്റെടുപ്പ് നിറുത്തിവച്ചത്.

മാവിൻ ചില്ലകൾക്കിടയിൽ ഹൈമാസ്റ്റ് ലൈറ്റ്

അശാസ്ത്രീയമായി സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റ് മാവിൻ ചില്ലകൾക്കിടയിൽ

ഉള്ളൂർ: നീരാഴി റോഡിൽ നിർമ്മാണം പുരോഗമിക്കുന്ന ഹൈമാസ്റ്റ് ലൈറ്റ് മാവിൻ ചില്ലകൾക്കിടയിൽ ഒളിച്ചിരിക്കുന്നു. ലക്ഷങ്ങൾ മുടക്കി അശാസ്ത്രീയമായി ലൈറ്റ് സ്ഥാപിച്ചതിനെതിരെ നാട്ടുകാർ രംഗത്തെത്തിയതോടെ സംഭവം വിവാദമായി. ഉള്ളൂർ - നീരാഴി ഇടറോഡിൽ ചന്തയിലോട്ട് തിരിയുന്ന ഭാഗത്താണ് പുതിയ എൽ.ഇ.ഡി ഹൈമാസ്റ്റ് ലൈറ്റിന്റെ നിർമ്മാണം കഴിഞ്ഞ ദിവസം പൂർത്തിയാക്കിയത്.

എന്നാൽ ആർക്കും പ്രയോജനമില്ലാത്ത സ്ഥലം തിരഞ്ഞെടുത്തതിലാണ് നാട്ടുകാരുടെ പ്രതിഷേധം. ഇതിന് പുറമേ ലൈറ്റിന്റെ ഒരു വശം മുഴുവൻ സമീപത്തെ മാവിന്റെ ചില്ല മറച്ച അവസ്ഥയിലുമാണ്.

നീരാഴി ചന്ത രാവിലെ മുതൽ രാത്രി 9.30വരെയാണ് പ്രവർത്തിക്കുന്നത്. രാത്രിയിൽ ഇരുട്ടിലാകുന്ന ചന്തയ്ക്ക് നടുവിലോ, സമീപത്തെ ഗുരുമന്ദിരത്തിനു മുന്നിലോ സ്ഥാപിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിവിധ കോണിൽ നിന്നും ഉയർന്ന എതിർപ്പിനെ അവഗണിച്ചുകൊണ്ടാണ് ഹൈമാസ്റ്റ് ലൈറ്റ് ആർക്കും പ്രയോജനമില്ലാത്ത സ്ഥലത്ത് സ്ഥാപിക്കാനുള്ള നടപടിയുമായി അധികൃതർ മുന്നോട്ട് പോയത്.

അഞ്ചുവർഷം കൊണ്ട് പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത: വി.എസ്.സുനിൽകുമാർ

കാർഷിക വ്യാവസായിക പ്രദർശന വിപണന മേള 'വിഷുക്കണി' യുടെ ഉദ്ഘാടനം നിർവഹിച്ച ശേഷം മന്ത്രിമാരായ കെ. ടി. ജലീലും കടകംപള്ളി സുരേന്ദ്രനും പ്രദർശനം കാണുന്നു. മേയർ വി.കെ. പ്രശാന്ത്, കൗൺസിലർമാരായ ജോൺസൺ ജോസഫ്, കെ. ശ്രീകുമാർ, ആർ. ഗീതാഗോപാൽ, ആർ. സതീഷ്‌കുമാർ, സിമി ജ്യോതിഷ്, ഡി. അനിൽകുമാർ, വി.ജി. ഗിരികുമാർ തുടങ്ങിയവർ സമീപം

തിരുവനന്തപുരം: അഞ്ച് വർഷത്തിനുള്ളിൽ പച്ചക്കറി ഉത്പാദനത്തിൽ കേരളത്തെ സ്വയം പര്യാപ്തതയിലെത്തിക്കുമെന്ന് മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു. നഗരസഭയുടെ കാർഷിക വ്യാവസായിക വിജ്ഞാന വിപണന മേള 'വിഷുക്കണി'യിൽ കാർഷിക സ്റ്റാളുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സവാളയും ഉരുളക്കിഴങ്ങും ഒഴിച്ചുള്ളവ കേരളത്തിൽ കൃഷിചെയ്യുന്നതിനുള്ള ശ്രമങ്ങൾക്ക് എല്ലാ സഹായവും സർക്കാർ നൽകുമെന്നും മന്ത്രി അറിയിച്ചു.

മന്ത്രി കെ.ടി. ജലീൽ മേള ഉദ്ഘാടനം ചെയ്തു. മന്ത്രി കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷനായി. മേയർ വി.കെ. പ്രശാന്ത്, ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷരായ കെ. ശ്രീകുമാർ, ആർ. ഗീതാ ഗോപാൽ, സഫീറാ ബീഗം, സതീഷ്‌കുമാർ, സിമി ജ്യോതിഷ്, എസ്. ഉണ്ണിക്കൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

രണ്ട് പതിറ്റാണ്ടിന് ശേഷമാണ് നഗരസഭ കാർഷിക പ്രദർശനം സംഘടിപ്പിക്കുന്നത്. പുത്തരിക്കണ്ടം മൈതാനത്ത് പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള പ്രദർശന നഗരിയിൽ 125 സ്റ്റാളുകളാണുള്ളത്. കൃഷി, മൃഗസംരക്ഷണം, ക്ഷീര മേഖലയിലെ വികസന പദ്ധതികളെയും നൂതന സങ്കേതങ്ങളെയും ജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതാണ് മേള. കർഷകർക്ക് വിത്തും നടീൽ വസ്തുക്കളും ജൈവവളങ്ങളും കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും ഇവിടെ ലഭിക്കും.

രോഗികൾക്ക് വഴികാട്ടിയായി ലയൺസ് ക്ലബ്

തിരുവനന്തപുരം: മെഡിക്കൽ കോളേജ് ആശുപത്രിയിൽ വഴിയറിയാത്ത രോഗികൾക്കായി ലയൺസ് ക്ലബ്സ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318 എ റീജിയൺ -9 ദിശാ ബോർഡുകൾ സ്ഥാപിക്കുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തുന്ന രോഗികളുടെയും കൂട്ടിരുപ്പുകാരുടെയും ബുദ്ധിമുട്ട് പരിഹരിക്കാനായാണ് ലയൺസ് ക്ലബ് ദിശാബോർഡുകൾ സ്ഥാപിക്കുന്നത്.

ദിശാ ബോർഡുകളുടെ ഉദ്ഘാടനം ലയൺസ് ക്ലബ്സ് ഗവർണർ ലയൺ സി.എ. അലക്സ് കുര്യാക്കോസ് നിർവഹിച്ചു. മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ. എം.എസ്. ഷർമ്മദ്, സി.എ. കെ. സുരേഷ്, ജോൺ ജി. കൊട്ടറ, ഡോ. ടി.എ. വാസു, ഡോ. കെ. മോഹൻദാസ്, ഡോ. സുൽഫിക്കർ, ഡോ. സന്തോഷ്‌കുമാർ, ഡോ. എൻ. വിശ്വനാഥൻ എന്നിവർ പങ്കെടുത്തു.

ബി.കെ. ശേഖർ സ്മാരക പുരസ്കാരം നൽകി

തിരുവനന്തപുരം: ബി.കെ. ശേഖർ ഫൗണ്ടേഷന്റെ ബി.കെ. ശേഖർ സ്മാരക പുരസ്കാരങ്ങൾ വിതരണം ചെയ്തു. മാദ്ധ്യമ പുരസ്കാരം മാദ്ധ്യമ നിരൂപകൻ ടി.ജി. മോഹൻദാസിനും പൊതുപ്രവർത്തകനുള്ള പുരസ്കാരം കെ. രാമൻ പിള്ളയ്ക്കും കെ.പി.സി.സി ജനറൽ സെക്രട്ടറി ടി. ശരത്ചന്ദ്രപ്രസാദ് നൽകി.

ഫൗണ്ടേഷൻ പ്രസിഡന്റ് തോപ്പിൽ ദിലീപ് അദ്ധ്യക്ഷനായിരുന്നു. ബി.ജെ.പി വക്താവ് അഡ്വ. ജെ.ആർ. പത്മകുമാർ, ജില്ലാ പ്രസിഡന്റ് അഡ്വ. എസ്. സുരേഷ്, ഫൗണ്ടേഷൻ സെക്രട്ടറി ബി. ശങ്കർ, റോയി കൈലാസ് തുടങ്ങിയവർ സംസാരിച്ചു.

ഇന്ന്

കനകക്കുന്ന്: ആദ്യ കേരള മന്ത്രിസഭയുടെ വജ്രജൂബിലി ആഘോഷം, സെമിനാർ, സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ-2.30ന്

പ്രസ്‌ക്ലബ്: ഭൂമിക ചാരിറ്റബിൾ സൊസൈറ്റിയുടെ ജലജാലകം ശില്പശാല-10ന്

രാജ്ഭവൻ: ഡിജിറ്റൽ ഗ്രാമയാത്ര ഫ്ലാഗ്ഓഫ്, ഗവർണർ പി. സദാശിവം-3.30ന്

ചേങ്കോട്ടുകോണം സാരഥി: സ്മൃതിപഥങ്ങളിലൂടെ പുസ്തകപ്രകാശനം, പന്ന്യൻ രവീന്ദ്രൻ- 5ന്

തീർത്ഥപാദമണ്ഡപം: തീർത്ഥപാദ സംഗീതോത്സവം, പട്ടാഭിരാമ പണ്ഡിറ്റിന്റെ കച്ചേരി -6.30ന്

വി.ജെ.ടി ഹാൾ: അനന്തപുരി ഹാൻഡ്‌ലൂം എക്സ്പോ-10ന്

പുത്തരിക്കണ്ടം: വിഷുക്കണി കാർഷിക വ്യാവസായിക വിപണനമേള, സംവാദം-2ന്

ശ്രീകണ്ഠേശ്വരം മഹാദേവ ക്ഷേത്രം: മഹാരുദ്രയജ്ഞം, സുദർശനൻ പോറ്റിയുടെ കച്ചേരി- 6ന്, ബംഗളൂരു രവികിരണിന്റെ വോക്കൽ-7ന്

മാടൻപാറ ശ്രീ തമ്പുരാൻ ചാമുണ്ഡീദേവീക്ഷേത്രം: മഹോത്സവം

ചെമ്പഴന്തി അണിയൂർ ശ്രീദുർഗ്ഗാ ഭഗവതി ക്ഷേത്രം: ഉത്സവം കൊടിയേറ്റ്-7.30ന്

തമലം മേലാങ്കോട് ദേവീക്ഷേത്രം: ഉത്സവവും മഹാചണ്ഡികാ ഹോമവും

ചാല കൊത്തുവാൾ തെരുവ് ശ്രീ മുത്താരമ്മൻ കോവിൽ: അഷ്ടമംഗല ദേവപ്രശ്നം-10 മുതൽ

ഓലത്താന്നി വി.എച്ച്.എസ്.സി ഗ്രൗണ്ട്: തിരുപുറം വൈ.എം.സി.എയുടെ ആത്മീയ കൺവെൻഷൻ-6.30ന്

സിനിമ

ന്യൂ (2323244) :: ■ screen 1 - **സഖാവ്** (M - 11.00, 2.15, 6.00, 9.30
■ screen 2 - **രക്ഷാധികാരി ബൈജു ഒപ്പ്** (M - 11.15, 2.30) **ടേക്ക് ഓഫ്** (M - 6.15, 9.30)
■ screen 3 - **അങ്കമാലി ഡയറീസ്** (M - 11.30) **ടേക്ക് ഓഫ്** (M - 2.30) **FAST AND FURIOUS -8** (E - 6.30, 9.45)
ശ്രീകുമാർ (2331222) :: **1971 BEYOND BORDERS** (M - 11.30, 2.30, 6.00, 9.00. 11.45)
ശ്രീവിശാഖ് (2331222) :: **THE GREAT FATHER** (M - 11.15, 2.30, 6.15, 9.30)
ശ്രീപത്മനാഭ (2473999) :: **KATRU VELIYIDAI** (T - 11.00, 2.30, 6.00, 9.30)
ദേവിപ്രിയ (2473999) :: **KATRU VELIYIDAI** (T - 11.00, 2.30) **പുത്തൻപണം** (M - 6.00, 9.30)
അജന്ത (2472825) :: **ജോർജേട്ടൻസ് പൂരം** (M - 11.15, 2.15) **ശിവലിംഗ** (T - 6.15, 9.15)
കൃപ (2471655) :: (no show)
സെൻട്രൽ (2462865) :: **രാത്രി നേരത്ത്** (T-4 shows)
കൈരളി (2332747) :: **സഖാവ്** (M - 11.00, 2.30, 6.00, 9.30)
ശ്രീ (2332747) :: **ജോർജേട്ടൻസ് പൂരം** (M - 11.15, 2.30, 6.15, 9.30)
നിള (2332747) :: **ടേക്ക് ഓഫ്** (M - 11.15, 2.30, 6.15, 9.30)
ധന്യ (2476773) :: **രക്ഷാധികാരി ബൈജു ഒപ്പ്** (M - 11.15, 2.30, 6.15, 9.30)
രമ്യ (2476773) :: **FAST AND FURIOUS -8** (E - 11.15, 2.30, 6.15, 9.30)
ARIESPLEX SL CINEMA: (0471 4066660) ::
■ Audi 1 - **FAST AND FURIOUS -8** (E - 11.30, 3.00) **സഖാവ്** (M - 6.30, 10.30)
■ Audi 2 - **POWER PANDI** (T - 11.00) **NOOR** (H - 2.00) **UNFORGETABLE** (E - 4.45) **THE GREAT FATHER** (M - 7.15) **ശിവലിംഗ** (T - 10.30)
■ Audi 3 - **SMURFFS:THE LOST VILLAGE** (E - 11.00, 3.15) **MAATR** (H - 1.00) **THE BOSS BABY** (E - 5.15) **BEEGUM JAAN** (H - 7.30) **മുന്തിരി വള്ളികൾ തളിർക്കുമ്പോൾ** (M - 10.15)
■ Audi 4 - **സത്യ** (M - 11.00, 7.30) **ടേക്ക് ഓഫ്** (M - 1.45, 10.15) **POWER PANDI** (T - 4.45)
■ Audi 5- **സഖാവ്** (M -11.15) **THE GREAT FATHER** (M - 3.00, 10.15) **ബാഹുബലി** (T - 6.45)
■ Audi 6 - **രക്ഷാധികാരി ബൈജു ഒപ്പ്** (M - 11.15, 3.00, 6.45, 10.15)
കലാഭവൻ (2322314) :: **സത്യ** (M - 11.130, 2.30) **ജെമിനി** (M - 6.15, 9.30)
കഴക്കൂട്ടം കൃഷ്ണ (2418144) :: **പുത്തൻപണം** (M - 11.15, 2.30, 6.15, 9.30)
വെട്ടുറോഡ് ഹരിശ്രീ (0471 2755666) :: **1971 BEYOND BORDERS** (M - 11.00, 2.30, 6.15) **പുത്തൻ പണം** (M - 9.30)
കഠിനംകുളം ജിട്രാക്സ് (2757771) :: ■ screen 1 **സഖാവ്** (M - 11.15, 2.30, 6.15, 9.30)
■ screen 2 **സത്യ** (M - 11.30, 2.30, 6.30, 9.30)
ആറ്റിങ്ങൽ ഡ്രീംസ് (628997) :: **FAST AND FURIOUS -8** (E - 11.30) **പുത്തൻപണം** (M -2.45, 6.15, 9.30)
ആറ്റിങ്ങൽ ഗംഗ (2629973) :: **THE GREAT FATHER** (M - 11.00, 2.15, 6.00, 9.15)
ആറ്റിങ്ങൽ യമുന (2629973):: **രക്ഷാധികാരി ബൈജു ഒപ്പ്** (M - 11.15, 2.15, 6.00, 9.30)
ആറ്റിങ്ങൽ കാവേരി (9287218284) :: **അങ്കമാലി ഡയറീസ്** (M - 11.00, 2.15, 6.00, 9.15)
ആറ്റിങ്ങൽ വൈശാഖ് (2622244) :: **സഖാവ്** (M - 11.15, 2.30, 6.15, 9.30)
ആറ്റിങ്ങൽ തപസ്യ (3291113) :: No show
ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920):: **ടേക്ക് ഓഫ്** (M - 11.15, 3.00, 6.30, 9.45)
വർക്കല എസ്.ആർ (0470 2602339) :: No show
വർക്കല വിമല (2605700) :: **സഖാവ്** (M - 11.00, 3.00, 6.30, 9.45)
വർക്കല സ്റ്റാർ സിനിമ (2602344) :: **THE GREAT FATHER** (M - 11.30, 2.45, 6.15, 9.30)
ചിറയിൻകീഴ് സ്വാമിജി (9526752302) :: **ജോമോന്റെ സുവിശേഷങ്ങൾ** (M - 3.00, 6.30, 9.30)
നെടുമങ്ങാട് സൂര്യ (2802223) :: **സഖാവ്** (M - 11.00, 2.30, 6.15, 9.30)
നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259):: **1971 BEYOND BORDERS** (M - 11.00, 2.30, 6.15, 9.30)
നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: **പുത്തൻപണം** (M - 11.00, 2.30, 6.15, 9.30)
നെടുമങ്ങാട് റാണി :: **സഖാവ്** (M - 11.00, 2.30, 6.15, 9.30)
പാറശ്ശാല പടന്താലുംമൂട് ഐ.എം.പി :: **കൊടി** (T - 11.00, 2.30, 6.30, 9.30)
പെരിങ്ങമ്മല അശ്വതി (2400394) :: **എസ്ര** (M - 2.30, 6.30, 9.30)
കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174)::
■ Audi 1 - **പുത്തൻപണം** (M - 11.00, 2.30, 6.15, 9.30)
കളിയിക്കാവിള ശ്രീസരസ്വതി (0471-2200073, 09747188040) ::
■ Audi 2 - **FAST AND FURIOUS -8** (E - 11.00, 2.30, 6.15, 9.30)
■ Audi 3- **SIVALINGA** (T - 11.00, 2.30, 6.15, 9.30)
■ Audi 4 - **THE GREAT FATHER** (M - 11.00, 2.30, 6.15, 9.30)
■ Audi 5- **1971 BEYOND BORDERS** (M - 11.00, 2.30) **ജോർജേട്ടൻസ് പൂരം** (M - 6.15, 9.30)
കളിയിക്കാവിള തമീൻസ് മാക്സ് :: **പുലി മുരുകൻ** (M - 2.30, 6.15) **അച്ചം എന്പത് മടമൈയെട** (T - 11.00, 9.15)
നെയ്യാറ്റിൻകര ശുഭ :: **മുന്തിരിവള്ളികൾ തളിർക്കുമ്പോൾ** (M - 2.30, 6.30, 9.30)
പോത്തൻകോട് എം.ടി (2419515) :: No show
വെഞ്ഞാറമൂട് സിന്ധു (9746159088) :: No show
കാട്ടാക്കട ജയവിനായക (2290867):: No show
നെയ്യാറ്റിൻകര ശുഭ :: **എസ്ര** (M - 2.30, 6.30, 9.30)
കള്ളിക്കാട് ദീപ (9447553618) :: **സിങ്കം 3** (T - 6.30, 9.30)
കാട്ടാക്കട ശ്രീമുരുക (9995952120) :: **എസ്ര** (M - 2.30, 6.15, 9.30)
കിളിമാനൂർ എസ്.എൻ :: **ടേക്ക് ഓഫ്** (M - 10.30, 2.30, 6.15, 9.00)
പനച്ചമൂട് യമുനലക്ഷ്മി :: **കെട്ടു** (T -11.30, 2.30, 6.30, 9.30)
പേയാട് എസ്.പി സിനിമ (0471-2289053) :: **സഖാവ്** (M - 11.00, 2.30, 6.15, 9.15)
കല്ലറ ARS (9526906021) :: **ഭൈരവ** (T - 2.30, 6.30)

കേരള സർക്കാർ
KSIDC

സ്ത്രീ സംരംഭകത്വത്തിന്
പുതിയ ഊടും പാവും
നെയ്തു കൊണ്ട്

വിമൻ അപ്പാരൽ പാർക്കിന്റെ
(വി സ്പെയ്സ്) ഉദ്ഘാടനം

വേദി: ഇൻകൽ ടവർ II, അങ്കമാലി
ഏപ്രിൽ 21, 2017
വൈകുന്നേരം 4 മണി

ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി

വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. സ്ഥാപിച്ച വനിതാ സംരംഭകത്വ മിഷന്റെ കീഴിൽ കേരളത്തിലെ ആദ്യത്തെ അടിസ്ഥാന സൗകര്യ വികസന സംരംഭമാണ് 42,228 ചതുരശ്ര അടിയിൽ അങ്കമാലിയിൽ സജ്ജമാക്കിയിരിക്കുന്ന വി സ്പെയ്സ് അഥവാ വനിതാ അപ്പാരൽ പാർക്ക്. വസ്ത്ര നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന വനിതാ സംരംഭകരെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും ഈ മേഖലയിലെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് വി സ്പെയ്സ് പ്രവർത്തനസജ്ജമാക്കിയിരിക്കുന്നത്.

വി സ്പെയ്സിന്റെ ഉദ്ഘാടനം ബഹു. വ്യവസായ-വാണിജ്യ, കായിക-യുവജനക്ഷേമ വകുപ്പ് മന്ത്രി **ശ്രീ. എ.സി. മൊയ്തീൻ** നിർവ്വഹിക്കും. ഈ ചടങ്ങിൽ **ശ്രീ. റോജി എം. ജോൺ** എം.എൽ.എ അദ്ധ്യക്ഷം വഹിക്കും.

STARK.Tvm.8052